DESPATCHED
On.01/01/22..

30/12/2021


# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

## പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920

Email:- sic.ker@nic.in


**ഹർജി നമ്പർ AP.No.2116 (5)/18/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 10124/SIC-G7/2018**

**സന്നിഹിത**

**ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ഉത്തരവ് തീയതി : 30.12.2021**

**ശ്രീ. പ്രസാദ് സി.പി,**
**ചാമ്പാറയിൽ വീട്, നെല്ലാട് പി.ഒ, മൂവാറ്റുപുഴ,**
**എറണാകുളം – 686 669.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**മഴുവന്നൂർ ഗ്രാമപഞ്ചായത്ത് കാര്യാലയം,**
**ഐരാപുരം പി.ഒ, എറണാകുളം – 683 541.** } **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ തീയതി | 22.02.2018 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 16.03.2018 |
| രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 13.09.2018 |
| ഹിയറിംഗ് തീയതി, സ്ഥലം | 05.11.2021 സംസ്ഥാന വിവരാവ കാശ കമ്മീഷൻ, തിരുവനന്തപുരം. |
| എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

05.11.2021 ന് കമ്മീഷന്റെ പരിഗണനയ്ക്ക് വന്ന ഈ അപ്പീൽ ഹർജിയിൽ സമർപ്പിക്കപ്പെട്ട രേഖകളും, ഹർജിക്കാരനും എതിർകക്ഷിയും ഓഡിയോ കോൺഫെറൻസ് മുഖാന്തിരം കമ്മീഷൻ മുമ്പാകെ നൽകിയ മൊഴിയും. വിശദീകരണവും വിശദമായി പരിശോധിച്ച് താഴെ പറയും പ്രകാരം തീർപ്പാക്കുന്നു.

2. മഴുവന്നൂർ ഗ്രാമപഞ്ചായത്ത് നെല്ലാട് കലവറയിൽ അക്ഷയകേന്ദ്രം പ്രവർത്തിക്കുന്നത് എവിടെയാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ നൽകിയ മറുപടി നെല്ലാട് അക്ഷയ

കേന്ദ്രത്തിന് ലൈസൻസ് നൽകിയതായി കാണുന്നില്ലെന്നാണ്. തുടർന്ന് 26.03.2018 ൽ കാക്കനാട് അക്ഷയ ജില്ലാ പ്രോജക്ട് ഓഫീസിൽ വിവരാവകാശ അപേക്ഷ സമർപ്പിച്ചതിന് പ്രസ്തുത എസ്.പി.ഐ.ഒ നൽകിയ മറുപടി നെല്ലാട് അക്ഷയ കേന്ദ്രം ആറാം വാർഡിലെ 232-നമ്പർ മുറിയിലാണ് പ്രവർത്തിച്ചുവരുന്നതെന്നാണ്.

3. അപ്പീൽ ഹർജിയും അനുബന്ധ രേഖകളും ഇരുകക്ഷികളുടെയും മൊഴിയും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് തെറ്റായ വിവരമാണ് മഴുവന്നൂർ ഗ്രാമപഞ്ചായത്തിലെ എസ്.പി.ഐ.ഒ നൽകിയിരിക്കുന്നതെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. തികച്ചും നിരുത്തരവാദപരമായ പെരുമാറ്റമാണ് എസ്.പി.ഐ.ഒ യുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് തെറ്റായ മറുപടി നൽകിയതിലൂടെ എസ്.പി.ഐ.ഒ. യുടെ ഭാഗത്തു നിന്നും ഗുരുതരമായ വീഴ്ച സംഭവിച്ചതായി പ്രഥമദൃഷ്ട്യാ കമ്മീഷന് ബോദ്ധ്യപ്പെട്ടു. ഇപ്രകാരം വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ.യ്ക്കെതിരെ വിവരാവകാശനിയമം വകുപ്പ് 20(1) പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ നേരിൽകണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്.

4. അപ്പീൽ ഹർജിക്കാരൻ 22.02.2018 ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം വ്യക്തമായും, കൃത്യമായും ടിയാന് സൗജന്യമായി ലഭ്യമാക്കേണ്ടതും പ്രസ്തുത വിവരം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണെന്ന് എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകികൊണ്ട് ഈ

അപ്പീൽ ഹർജി ഇന്നേ ദിവസം 2021 ഡിസംബർ മാസം 30–ാം തീയതി തീർപ്പാക്കി

ഉത്തരവാകുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**
Jn